പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1217

06/02/2020-ൽ മറുപടിയ്ക്ക്

## പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.അൻവർ സാദത്ത് | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ;<br>(ബി) അഞ്ച് കോടി രൂപ ചെലവ് വരുന്ന പദ്ധതിയുടെ കീഴിൽ ഇതിനകം എത്ര സ്കൂളുകൾ പൂർത്തിയാക്കിയെന്ന് അറിയിക്കാമോ ; | (എ) & (ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒരു നിയോജക മണ്ഡലത്തിലെ ഒരു സ്കൂൾ വീതം തെരഞ്ഞെടുത്ത് മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 കോടി രൂപ കിഫ്ബി ധനസഹായത്തോടെ 141 സ്കൂളുകളിൽ നിർമ്മാണം ആരംഭിക്കുകയും അതിൽ 21 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. |
| (സി) പ്രസ്തുത പദ്ധതിയിൽ മൂന്ന് കോടി രൂപ, രണ്ട് കോടി രൂപ എന്നിങ്ങനെ ചെലവ് വരുന്ന വിഭാഗങ്ങളിൽ എത്ര സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്നും അതിൽ എത്ര സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കിയെന്നും അറിയിക്കാമോ ; | (സി) ആദ്യഘട്ടത്തിൽ മൂന്ന് കോടി രൂപ പദ്ധതിയിൽ ഉൾപ്പെടുത്തിയ 213 സ്കൂളുകളിലെ 70 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു . 2018-19 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകൾക്ക് 3 കോടി കിഫ്ബി ധനസഹായ പദ്ധതിയും , 500 നും 1000 നും ഇടയിൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്ക് 1 കോടി രൂപ കിഫ്ബി ധനസഹായപദ്ധതിയുമാണ് നടപ്പിലാക്കുന്നത് . ആയതിൽ 3 കോടി രൂപ പദ്ധതിയിൽ 166 സ്കൂളുകളെ തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ് . പി . വി ആയി ഇൻകലിനെയും , 1 കോടി രൂപ പദ്ധതിയിൽ 446 സ്കൂളുകളെ തെരഞ്ഞെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള എസ് .പി .വി ആയി KILA യെയും സർക്കാർ നിയമിച്ചിട്ടുണ്ട്.ഡി.പി . ആർ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | |
|---|---|---|
| (ഡി) | നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ കരാറുകാരുടെ ഭാഗത്ത് വീഴ്ച ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഉണ്ട്. തൃശ്ശൂർ ജില്ലയിലെ 4 സ്കൂളുകളുടെ കരാർ ഏറ്റെടുത്തിരുന്ന ശ്രീശൈലം ഏജൻസി സമയബന്ധിതമായി നിർമ്മാണം നടത്താത്തതിനെത്തുടർന്ന് കരാർ റദ്ദാക്കി കൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ഇ) | വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ കരാറുകാരുടെ വീഴ്ച മൂലം പാതിവഴിയിൽ ഉപേക്ഷിച്ച പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ഏർപ്പെടുത്തിയ സംവിധാനം എന്താണെന്ന് വെളിപ്പെടുത്തുമോ ? | (ഡി) & (ഇ) കരാർ റദ്ദാക്കിയ സ്കൂളുകളുടെ നിർമ്മാണം പരിശോധിച്ച് തുടർ നിർമ്മാണത്തിനുള്ള ടെണ്ടർ നൽകുന്നതിനായി കൈറ്റ് മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നു. |

Namitha P

**സെക്ഷൻ ഓഫീസർ**